മേൽ റിട്ട് ഹർജികളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത WP(c)33122/2014 പ്രകാരം പ്രസ്തുത ഭൂമിയിൽ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ ബാധകമാക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന വിഷയം മാത്രം ബഹു. ഹൈക്കോടതി പരിശോധിച്ചുവരുന്നു. മറ്റ് നാല് റിട്ട് ഹർജികളും ടി കേസ്സിനൊപ്പം കേൾക്കാൻ ബഹു. ഹൈക്കോടതി തീരുമാനിച്ചിട്ടുള്ളതിനാൽ അന്തിമ ഉത്തരവ് പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്ന നടപടികൾ മാത്രം നിർത്തിവയ്ക്കാനും എന്നാൽ അന്തിമ ഉത്തരവിന്റെ തൽസ്ഥിതി തുടരുന്നതിനും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് കേരള ലാന്റ് കൺസർവൻസി നിയമപ്രകാരം ഉത്തരവായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. സർക്കാരിലേയ്ക്ക് ടി ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ചും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും യുക്തമായ തീരുമാനമെടുക്കുന്നതാണ്.

ഭൂരഹിതരില്ലാത്ത ജില്ല

158 (1191) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; ഇതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനാടിസ്ഥാനത്തിൽ സർവ്വെ നടത്തിയിരുന്നോ ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള ഭൂരഹിതരുടെ കണക്ക് ലഭ്യമാക്കാമോ ;

(സി) ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ച ജില്ലയിൽ നിന്നും ഭൂരഹിത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; ഇവർക്കെല്ലാം ഭൂമി ലഭിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ട് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ 12,184 അപേക്ഷകളും കാസർഗോഡ് ജില്ലയിൽ 17,905 അപേക്ഷകളുമാണ് ലഭിച്ചിരുന്നത്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള അന്വേഷണത്തിൽ കണ്ണൂർ ജില്ലയിൽ 11,032 അപേക്ഷകരേയും കാസർഗോഡ് ജില്ലയിൽ 10,271 അപേക്ഷകരേയും പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ടാണ് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചത്.

(ബി) പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകരിൽനിന്ന് വിശദമായ അന്വേഷണങ്ങളുടെയും നിശ്ചിത മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ജില്ലാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	35,851
കൊല്ലം	28,591
പത്തനംതിട്ട	6,807
ആലപ്പുഴ	14,163
കോട്ടയം	10,388
ഇടുക്കി	7,970
എറണാകുളം	31,379
തൃശ്ശൂർ	26,776
പാലക്കാട്	23,874
മലപ്പുറം	23,962
കോഴിക്കോട്	8,304
വയനാട്	4,546
കണ്ണൂർ	11,099
കാസർഗോഡ്	10,218
ആകെ	2,43,928

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭിച്ചില്ലായെന്ന് പരാതിയുണ്ടായതിനെത്തുടർന്ന് അപേക്ഷ സമർപ്പിക്കുന്നത് 1-2-2014 മുതൽ 31-3-2014 വരെയുള്ള രണ്ട് മാസക്കാലത്തേയ്ക്കുകൂടി വീണ്ടും അവസരം നൽകിയിരുന്നു. ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ 12,306 അപേക്ഷകളും കാസർഗോഡ് ജില്ലയിൽ 16,982 അപേക്ഷകളും ലഭിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത അപേക്ഷകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുതുതായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കും ഭൂമി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

159 (1192) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) നാളിതുവരെ ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായി ;

(സി) പട്ടയം നൽകിയവയിൽ ഭൂരിഭാഗവും അനുവദിച്ച ഭൂമി ഏറ്റെടുത്തിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഉപയോഗ പ്രദമല്ലാത്തതും വിദൂരങ്ങളിലുള്ളതുമായ ഭൂമി നൽകിയതാണ് ഇതിനു കാരണമെന്നറിവുള്ളതാണോ ;

(ഡി) അപേക്ഷകർക്ക് അതാതിടങ്ങളിൽ തന്നെ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ;

(ഇ) ഭൂരഹിതർ സി.പി.ഐ.(എം) നേതൃത്വത്തിൽ നടന്ന സമരത്തിൽ ചൂണ്ടിക്കാട്ടിയ ഭൂമി ഈ ആവശ്യത്തിന് പിടിച്ചെടുത്ത് വിതരണം ചെയ്യാത്തതെന്തുകൊണ്ട് ;

(എഫ്) സർക്കാർ കൈവശമുള്ള മിച്ചഭൂമി ഈ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടോ ; ഉപയോഗശൂന്യമായ ഭൂമിക്കുപകരം ഭൂമി കണ്ടെത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ : സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly